**കേരള സർക്കാർ**

**സംഗ്രഹം**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമ പഞ്ചായത്തിൽ ദിവസവേതന വ്യവസ്ഥയിൽ ജോലിചെയ്യുന്ന ശ്രീമതി.വി.ഗീതയെ സ്ഥിരപ്പെടുത്തുന്നത് - ബഹു. കേരള ഹൈക്കോടതിയുടെ WP(C)നം.10781/13- ാം നമ്പർ കേസ്സിൻമേലുള്ള വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

**സഉ(എംഎസ്)നം. 82/2016/തസ്വഭവ തീയതി,തിരുവനന്തപുരം,02/07/2016**

---

പരാമർശം :
1) 25/11/2005 ലെ സഉ(പി) 501/05/ധന നമ്പർ ഉത്തരവ്.
2) 09/02/2010 ലെ സഉ(പി) 61/2010/ധന നമ്പർ ഉത്തരവ്.
3) ശ്രീമതി.വി.ഗീതയുടെ അപേക്ഷ.
4) കൊണ്ടാഴി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26/09/2015 ലെ 213/05-ാം നമ്പർ തീരുമാനം.
5) WP(C)10781/13 -ാം നമ്പർ കേസ്സിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 23/01/2015 ലെ ഉത്തരവ്.
6) പഞ്ചായത്തു ഡയറക്ടറുടെ 17/02/2016 തീയതിയിലെ ഇ 9/14078/13 നമ്പർ കത്ത്
7) CoC നമ്പർ 651/16.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമ പഞ്ചായത്തിൽ 1991 മുതൽ ദിവസവേതന വ്യവസ്ഥയിൽ സ്വീപ്പറായി ജോലിചെയ്തുവരുന്ന ശ്രീമതി.വി.ഗീതയുടെ നിയമനം ക്രമവൽക്കരിക്കണമെന്ന ആവശ്യവുമായി ബഹു. ഹൈക്കോടതിയിൽ WP(C) 10781/13-ാം നമ്പരായി കേസ് ഫയൽ ചെയ്യുകയും ബഹു.ഹൈക്കോടതിയുടെ 23/01/2015 ലെ വിധിന്യായ പ്രകാരം ശ്രീമതി.വി.ഗീതയെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം രണ്ടാം എതിർ കക്ഷിയായ പഞ്ചായത്ത് ഡയറക്ടറിൽ നിന്നും പ്രൊപ്പോസൽ ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ബഹു.ഹൈക്കോടതിയുടെ

നിർദ്ദേശ പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീമതി.വി.ഗീതയെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടുകയും ആയത് പരാമർശം (6) പ്രകാരം സമർപ്പിക്കുകയും ചെയ്തു. ടിയാളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് പരാമർശം 4 പ്രകാരം കൊണ്ടാഴി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ **1183.27** ച.മീ. സ്വീപ്പിംഗ് ഏരിയയുള്ള കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ 1991 മുതൽ ദിവസവേതനാടി സ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.വി.ഗീതയെ 8200-13340 (revised) ശമ്പള സ്കെയിലിൽ ഉത്തരവു തീയതി മുതൽ പ്രാബല്യത്തിൽ ടി ഗ്രാമ പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

WP(C) 10781/13-ാം നമ്പർ അന്യായത്തിൻമേൽ ബഹു. കേരള ഹൈക്കോടതിയുടെ 23/01/2015 ലെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

രത്നമ.വി

**ഗവ.ജോയിന്റ് സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ ജില്ല.
സെക്രട്ടറി, കൊണ്ടാഴി ഗ്രാമ പഞ്ചായത്ത്,തൃശ്ശൂർ ജില്ല
ശ്രീമതി.വി.ഗീത, സ്വീപ്പർ,കൊണ്ടാഴി ഗ്രാമ പഞ്ചായത്ത്,തൃശ്ശൂർ ജില്ല(സെക്രട്ടറി, കൊണ്ടാഴി ഗ്രാമ പഞ്ചായത്ത് മുഖേന)
ധനവകുപ്പ്(18/05/2016 ലെ.ഡെവ 1/155/2016/ധന നമ്പർ യു.ഒ പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(ഫയൽ. നം. ഇപിഎ 2/43/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ